# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആനിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA PTA P7-1061/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 07/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PTA P7-1061/23 തീയ്യതി: 07/11/2023

## പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ്. | ഡപ്യൂട്ടി ഡയറക്ടർ | 05-10-2023 | 13-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-10-2023 | 13-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ എ.എസ്. ഓഡിറ്റ് ഓഫീസർ

ശ്രീ. ഹരികുമാർ എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ആശാ എം. കുരുവിള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രമീള വസന്ത് മാത്യു | പ്രസിഡന്റ് | 01-04-2022 | 04-07-2022 |
| ശ്രീ. തോമസ് മാത്യു (വൈസ് പ്രസിഡന്റ് - പ്രസിഡന്റിന്റെ അധിക ചുമതല) | പ്രസിഡന്റ് | 05-07-2022 | 18-07-2022 |
| ശ്രീമതി ലിൻസിമോൾ തോമസ് | പ്രസിഡന്റ് | 19-07-2022 | 31-03-2023 |
| ശ്രീ രഞ്ജിത് വി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. നിഷോർ റ്റി. | മെഡിക്കൽ ഓഫീസർ (കുടുംബ ആരോഗ്യകേന്ദ്രം) | 01-04-2022 | 31-03-2023 |
| ഡോ. ഭക്തി പി. ജോസഫ് | മെഡിക്കൽ ഓഫീസർ-ഇൻ ചാരജ്ജ് (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.ജലജാകുമാരി പി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 27-05-2022 |
| ശ്രീ.ദിലീപ് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 28-07-2022 | 29-07-2022 |
| ശ്രീ.ജേക്കബ് അലക്സ് | അസിസ്റ്റന്റ് എഞ്ചിനീയർ | 30-07-2022 | 31-03-2023 |
| ശ്രീമതി അനിലാ റ്റി ശശി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. രമ്യ കെ. വാസു | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രസന്ന പി എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 13-05-2022 |
| ശ്രീമതി ശ്രുതി മുരളി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 14-05-2022 | 18-01-2023 |
| ശ്രീമതി സിന്ധു പി.ജി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 19-10-2022 | 31-03-2023 |
| ശ്രീമതി. ജെസ്സി തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. ശ്രീകുമാർ ജെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 03-11-2022 |
| ശ്രീമതി റോഷ്ന കരീം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 04-11-2022 | 31-03-2023 |
| ശ്രീമതി ആതിര എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 21-07-2022 |
| ശ്രീമതി അഞ്ജലി സന്തോഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22-07-2022 | 09-10-2022 |
| ശ്രീമതി ബിൻസി ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10-10-2022 | 26-12-2022 |
| ശ്രീമതി പ്രമീള എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-4 |
| 6 | നിക്ഷേപ പ്രവൃത്തികൾ- രജിസ്റ്ററുകൾ അപൂർണ്ണം | 1-1-5 |
| 7 | ചെലവുകൾ ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല | 1-1-6 |
| 8 | ബാലൻസ് ഷീറ്റിൽ ബാങ്ക് ബാലൻസ് തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-7 |
| 9 | നീക്കിയിരിപ്പ് തുക കൃത്യമല്ല,തുക ശരിയായ ഹെഡിൽ അക്കൗണ്ട് ചെയ്തില്ല | 1-1-8 |
| 10 | നിക്ഷേപ പ്രവൃത്തി ആസ്തി ഹെഡിൽ ബുക്ക് ചെയ്തു | 1-1-9 |
| 11 | ഗ്രാന്റുകൾ തെറ്റായ ഹെഡുകളിൽ ബുക്ക് ചെയ്തു | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | ഗ്രാന്റ് വിനിയോഗം- അപാകതകൾ | 1-4-1 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമപെൻഷൻ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല | 1-11 |
| 23 | തനത് വിഭവസമാഹരണം - അവലോകനം | 1-12 |
| 24 | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം വാണിജ്യാവശ്യത്തിനായി നിർണ്ണയിച്ചിരിക്കുന്ന കെട്ടിടങ്ങളെല്ലാം ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നില്ല | 1-13 |
| 25 | പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ ആശുപത്രി പ്രവർത്തിക്കുന്നു | 1-14 |
| 26 | ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല | 1-15 |
| 27 | ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട്-മോട്ടോർവെഹിക്കിൾ ഡിപ്പാർട്ട്മെന്റ് | 1-16 |

| | | |
|---|---|---|
| | വാടകരഹിതമായി ഉപയോഗിക്കുന്നു | |
| 28 | കരാർ ജീവനക്കാരുടെ നിയമന, സേവന വിവരങ്ങൾ സൂക്ഷിക്കുന്നില്ല | 1-17 |
| 29 | ഭരണസമിതിയോഗം- മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല | 1-18 |
| 30 | കുടുംബാരോഗ്യ കേന്ദ്രത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ- പ്ലാന്റുകൾക്കുള്ള ഇൻസെന്റീവ് ലഭിച്ചില്ല | 1-19 |
| 31 | വാട്ടർ അതോറിറ്റിയുടെ അനാസ്ഥ- വെള്ളക്കരം കുടിശ്ശിക പെരുകുന്നു | 1-20 |
| 32 | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് സംവിധാനം നടപ്പാക്കിയില്ല - പ്രതിവർഷ ബാദ്ധ്യത 7.02 ലക്ഷം | 1-21 |
| 33 | പ്രോജക്ടുകൾ "സ്പിൽ ഓവറിൽ' ഉൾപ്പെടുത്താതെ തുക ചെലവഴിച്ചു | 1-22 |
| 34 | നിക്ഷേപ പ്രവൃത്തികൾ- നിർവ്വഹണ ഏജൻസികൾ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നില്ല | 1-23 |
| 35 | വയോജന ക്ഷേമത്തിനായുള്ള പകൽ വീട് നിർമ്മാണം- ലക്ഷ്യം കൈവരിച്ചില്ല | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10-07-2023 ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 13-07-2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീ രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട
07/11/2023

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ല ഓഡിറ്റ് കാര്യാലയം

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന

ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-) 4,63,911 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 41,14,389 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. എല്ലാ ഡിമാന്റുകളും മാർച്ച് 31 നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വസ്തു നികുതി സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരം ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-5 നിക്ഷേപ പ്രവൃത്തികൾ- രജിസ്റ്ററുകൾ അപൂർണ്ണം

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് സംബന്ധിച്ച് കൃത്യതയില്ല. ക്ലോസിംഗ് ബാലൻസായി രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.

1-1-6 ചെലവുകൾ ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല

ഷെഡ്യൂൾ B18-Loans, Advance & Deposits-2019-20 വർഷം വാഹന വാടക നൽകിയ 3500 രൂപ തെറ്റായി Advance To Implementing Officers ഹെഡിൽ ബുക്ക് ചെയ്തിരിക്കുന്നു.

1-1-7 ബാലൻസ് ഷീറ്റിൽ ബാങ്ക് ബാലൻസ് തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു

ഷെഡ്യൂൾ B17- Cash & Bank Balance-SBI 370- ഇല്ലാത്ത ബാങ്ക് അക്കൗണ്ട് കറന്റ് അസറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു (Rs. 20896).

1-1-8 നീക്കിയിരിപ്പ് തുക കൃത്യമല്ല,തുക ശരിയായ ഹെഡിൽ അക്കൗണ്ട് ചെയ്തില്ല

Grants, Funds & Contributions For Specific Purposes- Other Government Agencies-നീക്കിയിരിപ്പായി അവശേഷിക്കുന്നത് 1,21,750 രൂപയാണ്. 4,87,733 രൂപ ചെലവ് ചെയ്തതിന്റെ ജേണൽ എൻട്രി രേഖപ്പെടുത്തിയിട്ടില്ല.

1-1-9 നിക്ഷേപ പ്രവൃത്തി ആസ്തി ഹെഡിൽ ബുക്ക് ചെയ്തു

എഫ്.എച്ച്.സി.യിൽ സോളാർ പാനൽ സ്ഥാപിച്ചത് നിക്ഷേപ പ്രവൃത്തി ആയിട്ടാണ് (രു.1289354). ആയത് Advance To Implementing Agency എന്ന ഹെഡിൽ ബുക്ക് ചെയ്യുന്നതിന് പകരം ആസ്തി ഹെഡിൽ അക്കൗണ്ട് ചെയ്തു. 2023-24 ലാണ് ആസ്തി സൃഷ്ടിച്ചിട്ടുള്ളത്.

1-1-10 ഗ്രാന്റുകൾ തെറ്റായ ഹെഡുകളിൽ ബുക്ക് ചെയ്തു

ഷെഡ്യൂൾ ബി-4: വിവിധ ഗ്രാന്റുകളുടെ വിനിയോഗം- വിമുക്തി ഫണ്ടുകൾ വിവിധ ഹെഡുകളിലായി അക്കൗണ്ട് ചെയ്തിരിക്കുന്നു. (320200305, 320200399). ആയത് ക്രമപ്പെടുത്തണം.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ധനകാര്യ സ്ഥിരം സമിതിയുടെ 21.03.2022 തീയതിയിലെ 1(1)-നമ്പർ തീരുമാന പ്രകാരവും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.03.2022ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 14.03.2023-ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും, റസീറ്റ് & പേയ്മെന്റ് പത്രിക (R&P), ഇൻകം &എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റസീറ്റ് & പേയ്മെന്റ് പത്രിക | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക |
|---|---|---|---|
| മുന്നിരിപ്പ് | 1609073 | 6928115 | |
| വരവ് | 97976000 | 19081919 | 79154589 |
| ആകെ | 99585073 | 26010034 | |
| ചെലവ് | 97997000 | 19545830 | 82441231 |
| നീക്കിയിരിപ്പ് | 1588073 | 6464204 | |

ബജറ്റ് പ്രകാരം 9.79 കോടി രൂപയുടെ പ്രതീക്ഷിത വരവും 9.79 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 7.91 കോടി രൂപയും ചെലവ് 8.24 കോടി രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി കഴിയുന്നത്ര വാസ്തവികമായ രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-215 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. കാര്യക്ഷമമായ വിഭവ സമാഹരണത്തിനും വാർഷിക പദ്ധതിയുമായി ബന്ധപ്പെടുത്തിയ അനിവാര്യവും പൊതുവുമായ ചുമതലാ നിർവ്വഹണത്തിനും ഇതിലുൾപ്പെട്ട പ്രോജക്ടുകളുടെ സമയബന്ധിതവും ഗുണകരവുമായ നിർവ്വഹണം ഉറപ്പാക്കുന്നതിനുമുള്ള ഒരുപാധി എന്ന നിലയിൽ ബജറ്റിനെ പ്രയോജനപ്പെടുത്തുവാൻ സാധിക്കേണ്ടതുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 69,28,115 | |
| ഓഡിറ്റ് വർഷത്തെ വരവ് | 1,90,81,919 | 7,91,54,589 |
| ആകെ വരവ് | 2,60,10,034 | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 1,95,45,830 | 8,24,41,231 |
| നീക്കിയിരിപ്പ് | 64,64,204 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | ഇല്ല | 9838000 | 9838000 | 9085794 | -- | 752206 |
| വികസന ഫണ്ട്- എസ്.സി.പി | ,, | 4515000 | 4515000 | 4079315 | -- | 435685 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് റ്റി.എസ്.പി | ,, | Xx | Xx | Xx | Xx | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1733906 | 3829331 | 5563237 | 1964970 | 2334936 | 1263331 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 1188631<br>പലിശ | 1711103<br>117916 | 3017650 | 2269860 | 747687 | 103 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 14404000 | 14404000 | 9709217 | -- | 4694783 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 4570000 | 4570000 | 4569918 | -- | 82 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | 3346 | 135 | 3481 | -- | 3481 | |
| ജലനിധി | 252450 | -- | 252450 | -- | 252450 | |
| ശുചിത്വ മിഷൻ | 334887 | -- | 334887 | -- | 334887 | |
| വിമുക്തി | 52250 | -- | 52250 | -- | 52250 | |
| ലൈഫ് -സംസ്ഥാനം വിഹിതം | 100000 | -- | 100000 | -- | 100000 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | 705843 | 495338 | 1201181 | 260856 | 940325 | |
| എം.ജി.എൻ. ആർ.ജി.എസ് | 143 | 15612295 | 15612438 | 15611401 | 1037 | |
| ഹെൽത്ത് ഗ്രാന്റ് | -- | 351210 | 351210 | 208214 | 142996 | |

## 1-4-1 ഗ്രാന്റ് വിനിയോഗം- അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. മേൽ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നുമില്ല.

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ(അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 2,05,333 |
| ,, | അങ്കണവാടി അധിക വേതനം | 7,44,600 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 3,94,894 |

## 1-5 പദ്ധതി അവലോകനം

2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 154 | 64373852 | 128 | 37259903 | 26 | 83.12 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 823550 | 688220 | 83.57 |
| വെറ്ററിനറി സർജൻ | 7 | 7 | 2627000 | 1770290 | 67.39 |
| മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി | 8 | 7 | 2231447 | 1468160 | 65.79 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 75000 | 75000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 14 | 22650813 | 11451290 | 50.56 |
| സെക്രട്ടറി | 36 | 25 | 8823279 | 5684284 | 64.42 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 66 | 55 | 22530263 | 13249261 | 58.81 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 2942500 | 1936348 | 65.81 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1550000 | 889050 | 57.36 |
| സബ് ഇൻസ്ട്രക്ടർ ഓഫീസ് - ഫിഷറീസ് | 1 | 1 | 120000 | 48000 | 40 |
| ആകെ | 154 | 128 | 64373852 | 37259903 | 57.88 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 143 | 2175709 | 2175852 | 2174815 | 1037 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13436586 | 13436586 | 13436586 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 143 | 15612295 | 15612438 | 15611401 | 1037 |

ഭരണ ചെലവുകളുടെ വരവ് ചെലവ് കണക്കിൽ പഞ്ചായത്തിൽ നിന്നും ലഭിച്ച അഡ്വാൻസും ആയതിന്റെ റീക്കുപ്മെന്റും ഉൾപ്പെടുന്നു.

## 1-7 ക്ഷേമപെൻഷൻ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1236 | 13,450,400 |
| വിധവാ പെൻഷൻ | 453 | 4,799,600 |
| കർഷക തൊഴിലാളി പെൻഷൻ | 199 | 2,249,900 |
| മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 185 | 1,992,200 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 26 | 273,600 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.10.2023 തീയതിയിൽ 3.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പായ 5430 രൂപയുടെ (അയ്യായിരത്തി നാനൂറ്റി മുപ്പത്) കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട മറ്റു നിരീക്ഷണങ്ങൾ

. നിയമപരമായി പുറപ്പെടുവിക്കേണ്ട പൗരാവകാശ രേഖ പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടില്ല.

- ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
- സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, ഏതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.
- ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പുതുതായി നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- ക്രമവൽക്കരണത്തിന് കെ.പി.ബി.ആർ.2019 ചട്ടത്തിലെ അനുബന്ധം ജി2 മാതൃകയിലുള്ള രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമായി പരിഷ്കരിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും, മുൻ വർഷം ലൈസൻസ് നൽകിയ എല്ലാ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
- ക്ഷേമപെൻഷൻ അനുവദിച്ചത്/നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് കമ്മിറ്റി തീരുമാനം എടുത്ത് 2 ദിവസത്തിനകം നൽകേണ്ടതാണ്.
- പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും, പുതുതായി അനുവദിക്കുന്ന അപേക്ഷകൾ ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതുമാണ്.
- ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.
- മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.
- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധി പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.
- ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ ആവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2022 മുതൽ 16.06.2022 വരെ | 01/2022-3/2022 | 16.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.11.2017 | 2016-17 | 23.01.2018 |

## 1-11 പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല

2022-23 സാമ്പത്തിക വർഷത്തെ തനത് വരവ്-ചെലവ് കണക്കുകൾ പരിശോധിച്ചതിൽ ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല എന്ന് കാണുന്നു. നികുതി/നികുതിയേതര വരവുകൾ, ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റിവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 74 ലക്ഷം രൂപയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു (Income & Expenditure Statement പ്രകാരമുള്ളത്).

| ഷെഡ്യൂൾ | തനത് വരുമാനം | തുക | ഷെഡ്യൂൾ | ചെലവ് | തുക |
|---|---|---|---|---|---|
| I-1 | Tax Revenue | 3015625 | I-10 | Establishment Expenses | 9656707 |
| I-3 | Rental Income | 8148 | I-11 | Administrative Expenses | 840630 |
| I-4 | Fees User Charges | 628507 | I-12 | Operations Maintenance | 1159530 |
| I-5 | Sale Hire Charges | 50220 | I-13 | Interest Finance Charges | 1298 |
| I-8 | Interest Earned | 60217 | | | |
| I-9 | Other Income | 449591 | | | |

| | | | | | |
|---|---|---|---|---|---|
| | ആകെ | 4212308 | | | 11658165 |

മിച്ച ഫണ്ട് (4212308-11658165) : (-)7445857

സാമ്പത്തിക വർഷം പൊതുആവശ്യ ഗ്രാന്റായി 75,41,489 രൂപയാണ് ലഭിച്ചിട്ടുള്ളത്. പൊതുആവശ്യ ഗ്രാന്റ് ലഭിയ്ക്കുന്നതുകൊണ്ട് മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, വൈദ്യുതചാർജ്, വെള്ളക്കരം എന്നിവ മുടക്കം കൂടാതെ നല്കുവാൻ കഴിയുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ആയതിനാൽ നികുതി/നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും, അതുപോലെതന്നെ സ്ട്രീറ്റ് ലൈറ്റ്, പൊതുടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ ധനകമ്മി നിവാരണം ചെയ്യുന്നതിനും, ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിക്കാതെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായി പ്രയോജനപ്പെടുത്തി പരമാവധി വിഭവം സാധ്യമായ മാർഗ്ഗങ്ങളിൽനിന്നെല്ലാം സ്വരൂപിക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

## 1-12 തനത് വിഭവസമാഹരണം - അവലോകനം

പത്തനംതിട്ട കോട്ടയം ജില്ലകളുടെ അതിരുകൾ പങ്കിടുന്ന ചെറിയ ഒരു ഗ്രാമമാണ് ആനിക്കാട്. തനത് വരുമാനം തീരെയില്ലാത്ത പഞ്ചായത്താണ്. മുഖ്യ തനത് വരുമാനമായി പറയാവുന്നത് വസ്തു നികുതിയാണ്. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക (ഒരു കടമുറി) തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റുകൾക്കു പുറമെയുള്ള പ്രധാന വരുമാന മാർഗങ്ങൾ. 49 ലക്ഷം രൂപയാണ് ആവശ്യഗ്രാന്റിനു പുറമെയുള്ള തൻവർഷത്തെ ആകെ തനതു വരുമാനം.

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും മുഖ്യകാര്യാലയത്തിലെ 11.07.2023-ലെ ഡി.കെ.എസ്.എ.3683/എസ്.എസ്. 3/2019പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് പുറമറ്റം ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

### ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ)നം.117/2022/എൽ.എസ്.ജി. ഡി., തീയതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2-ആയി എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റേയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ, ഭരണ സമിതിയോ സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായോ, ലഭ്യമായ തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയതായോ മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വേക്കൻസി റമിഷൻ, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതിവരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പു വരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ്കമ്മറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

### ബജറ്റ് – വാർഷിക ധനകാര്യ പത്രിക - വരവിനങ്ങളുടെ താരതമ്യം

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ് . 2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും, സ്ഥാപനത്തിലെ വാർഷിക കണക്കു പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള | വാർഷിക കണക്കു പ്രകാരം | വ്യത്യാസം |
|---|---|---|---|

| | പ്രതീക്ഷിത വരവ് | ലഭ്യമായ വരവ് | |
|---|---|---|---|
| Property Tax | 35,00,000 | 23,76,369 | 11,23,631 |
| Profession Tax | 6,00,000 | 99,400 | 5,00,600 |
| Rental Income | 9,000 | 8,148 | 852 |
| Licence Fees | 70,000 | 60,900 | 9,100 |
| Building Permit | 2,00,000 | 2,87,580 | -87,580 |

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യാഥാർത്ഥ വരവും തമ്മിൽ ഇത്രയും അന്തരം സൂചിപ്പിക്കുന്നത് ബജറ്റിന്റെ രൂപീകരണം യാതൊരു മുന്നൊരുക്കവും കൂടാതെയാണ് നടത്തിയിട്ടുള്ളത് എന്നാണ് വ്യക്തമാകുന്നതാണ്. ബജറ്റ് യാഥാർത്ഥ്യത്തോട് ചേർന്നു നിൽക്കുന്നതാവാൻ ശ്രദ്ധിക്കേണ്ടതാണ്.

വസ്തു നികുതി വരവ് തുകയുടെ കൃത്യത

ILGMS സംവിധാനത്തിൽ രേഖപ്പെടുത്തുന്ന വസ്തു നികുതി വരവ് ഓൺലൈൻ ആയി സഞ്ചയ ഡാറ്റാബേസിൽ അതേ സമയം തന്നെ രേഖപ്പെടുത്തുന്നുണ്ട്. എങ്കിലും സാങ്കേതിക കാരണങ്ങളാൽ ഇന്ററപ്റ്റഡ് രസീതി മുഖേനയും ഔട്ട്ഡോർ കളക്ഷനിലൂടെയും വസ്തു നികുതി പിരിക്കുമ്പോൾ ILGMS ൽ വരവ് വെക്കുന്ന തുക പിന്നീട് സഞ്ചയയിൽ ഓരോ കെട്ടിടത്തിനുനേർക്കും വരവ് രേഖപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ സഞ്ചയയിൽ വരവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയാൽ സഞ്ചയയിലേയും ILGMS ലേയും വരവ് വ്യത്യാസപ്പെടുന്നതാണ്. ഓൺലൈൻ ആയി ഒടുക്കുന്ന നികുതി സഞ്ചയയിലും ILGMS ലും വരവു വെക്കപ്പെടുമെങ്കിലും ബാങ്കിൽ തുക ക്രെഡിറ്റ് ആകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഓൺലൈൻ ആയി ഒടുക്കിയ തുക ബാങ്കിൽ വരവു വയ്ക്കപ്പെടുന്നുണ്ടെന്ന് നിശ്ചിത ഇടവേളകളിൽ നിരീക്ഷിക്കാതിരുന്നാൽ നഷ്ട സാധ്യതയും ഉണ്ടാകാം.

2022-23 വർഷത്തെ വാർഷിക കണക്ക്, സഞ്ചയ DCB എന്നിവ പ്രകാരമുള്ള വരവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | വരവ് (രൂപ) |
|---|---|
| AFS പ്രകാരം വസ്തു നികുതി വരവ് | 23,76,369 |
| സഞ്ചയ DCB പ്രകാരം വരവ് | 24,97,645 |

2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

സ.ഉ (കൈ) നം. 77/2023/എൽ.എസ്.ജി.ഡി., തീയതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ(അച്ചടി) നം. 25/2023 /എൽ.എസ്.ജി.ഡി., തീയതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആനിക്കാട് ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 29.04.2023-ലെ 5(1)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും 20.06.2023-ലെ മലയാള മനോരമ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആക്ഷേപങ്ങൾ ഒന്നും ലഭിച്ചിട്ടില്ലാത്തതിനാൽ അന്തിമ വിജ്ഞാപനം 11.08.2023-ലെ 5(1)-ാം നമ്പർ നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിച്ചു. നിരക്കുകൾ ഉൾപ്പെടുത്തിയ വിജ്ഞാപനം 26.08.2023-ലെ മലയാള മനോരമ, ദേശാഭിമാനി എന്നീ രണ്ട് പത്രങ്ങളിൽ

പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ(അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി., തീയതി 05.04.2023 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചാണ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. ഇതിൽ പഴയ നിരക്കുകൾക്കെല്ലാം തന്നെ മുൻ വർഷത്തേക്കാൾ 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2022-23 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി മേഖലകൾ പരിഷ്കരിച്ചിട്ടില്ല. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ പരിഷ്കരിച്ചിട്ടുണ്ട്.

3. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കുന്നതിനായി 22.06.2023-ലെ 2(1)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിച്ച് യോഗ്യതയുള്ള 6പേരെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവർക്ക് ട്രെയിനിംഗ് നൽകുകയോ ജിയോടാഗിംഗ് ഉൾപ്പെടെയുള്ളവ രേഖപ്പെടുത്തുന്നതിന് മൊബൈൽ ആപ്പ്, സഞ്ചയയിൽ യൂസർ ഐഡി എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങളും ചെയ്തിട്ടില്ല.

പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ ഇപ്രകാരമാണോ മേഖലകൾ തിരിച്ചിട്ടുള്ളത് എന്നത് വ്യക്തമല്ല. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ / ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ , നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ 72 ഓളം ഫോം 9Bഅപേക്ഷകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ 9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ, ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയും, ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിനു സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം, തെരുവു വിളക്കുകൾ ഡ്രൈനേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സേവനങ്ങൾ നൽകുന്നതിന് ഏറ്റവും കുറഞ്ഞ നിരക്കായ, 10% നിരക്കിൽ സേവന ഉപനികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ സേവന ഉപനികുതി ഈടാക്കിയില്ലാത്തതിനാൽ ഈ ഉചിത തീരുമാനം നികുതി വർദ്ധനവിന് ഉപകരിക്കും.

വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തൽ

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ) നം.36/2015/തസ്വഭവ തിയതി 24-02-2015), സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8.9.2020 എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഓഡിറ്റ് പീരിയേഡിലും ഉൾപ്പെടുത്തിയിരുന്നില്ല.

2023 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 05.04.2023-ലെ സ.ഉ.(അച്ചടി)നം. 25/2023/LSGD പ്രകാരമുള്ള നിരക്കുകൾ 01.10.2023-ൽ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 01.04.2023 പ്രാബല്യത്തിൽ ടി നിരക്കു പ്രകാരമുള്ള തുകയാണ് ഈടാക്കുന്നത്.

അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി

യു.എ രജിസ്റ്റർ പ്രകാരവും സഞ്ചയ പ്രകാരവും ഗ്രാമപഞ്ചായത്തിൽ ഒരു കെട്ടിടമാണുള്ളത്. ടി കെട്ടിടത്തിന് യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഈടാക്കി വരുന്നുണ്ട്. മറ്റ് അനധികൃത കെട്ടിടങ്ങളുണ്ടോയെന്ന് റിപ്പോർട്ട് ചെയ്യുന്നതിന് വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. ച.മീറ്ററിന് 500 രൂപ നിരക്കാണ് വസ്തു നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഒരു മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശികയായുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടു ത്തേണ്ടതാണ്.
2. ഭരണ സമിതി അംഗീകരിച്ച് അന്തിമമാക്കിയ വസ്തുനികുതിയുടെ പുതുക്കിയ നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.
3. അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കേണ്ടതാണ്.
4. മൊബൈൽ ടവർ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
5. ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി അക്കൗണ്ടിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 1 തീയതി 05.10.2023 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്)

നികുതിയേതര വരവ് - അവലോകനം

ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, വസ്തുവകകളിൽ നിന്നുള്ള ആദായം, രജിസ്ട്രേഷൻ ഫീസ്, വിവിധ ആസ്തികളുടെ ഉപയോഗത്തിനുള്ള ഫീസ്, പിഴ, പലിശ, മറ്റ് വരവുകൾ മുതലായവയാണ് നികുതിയേതര വരുമാനത്തിൽ ഉൾപ്പെടുന്നത്. നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകൾ, ഗ്രാമപ്പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/ കോളേജുകൾ തുടങ്ങി തൊഴിൽ നികുതിയൊടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.
വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡി.സി.ബി. ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| Profession Tax - Institutions | 36,895 | 36,895 | 0 |
| Profession Tax - Employees | 423,480 | 423,480 | 0 |
| Profession Tax - Professionals | 47,760 | 47,760 | 0 |
| Profession Tax - Traders | 51,640 | 51,640 | 0 |

വാർഷിക ധനകാര്യ പത്രികയിലേയും രജിസ്റ്ററിലേയും തൊഴിൽ നികുതി (Institution/ Traders) ഡിമാന്റ് - കളക്ഷൻ - ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും വരവ് തന്നെ ഡിമാന്റായി രേഖപ്പെടുത്തുന്ന തെറ്റായ പ്രവണതയാണ് സ്ഥാപനം സ്വീകരിച്ചിരിക്കുന്നത്. സാമ്പത്തിക വർഷം തൊഴിൽ നികുതി ഇനത്തിൽ 99,400 രൂപ വരവുണ്ട്. ചട്ടം പ്രകാരമുള്ള പ്രൊഫഷണലുകളുടെ പട്ടിക സ്ഥാപനം തയ്യാറാക്കിസൂക്ഷിക്കുന്നില്ല. ക്രമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 നം. (സി.എസ്) എ9-764/2019 സർക്കുലർ, ജി. ഒ (പി) 143/2008/ത.സ്വ.ഭ.വ/ തീ. 27.05.2008 സർക്കാർ ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെങ്കിലും മുഴുവൻ റേഷൻ വിതരണ സംവിധാനത്തിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. തൊഴിലുടമ ലഭ്യമാക്കിയ വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ ഫീൽഡ് വേരിഫിക്കേഷൻ, അനുബന്ധ രേഖകളുടെ പരിശോധന എന്നിവ നടത്തി വരുന്നു. നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി സ്വീകരിച്ചത്. പൂർണ്ണമല്ലാത്തവ /അപാകതകളുള്ളവ നിരസിച്ചിട്ടുണ്ട്.

ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പൊരുത്തപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

2) ലൈസൻസ് ഫീസ്

ഗ്രാമപഞ്ചായത്തിന്റെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 163 സ്ഥാപനങ്ങൾ ഉണ്ടായിരിക്കെ സാമ്പത്തിക വർഷം 85 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്ത് പ്രവർത്തിയ്ക്കുന്നത്. ലൈസൻസ് ഫീസിനത്തിൽ ഡിമാന്റ് രേഖപ്പെടുത്തുന്നത് കൃത്യമായിട്ടില്ല. വർഷാവസാനം കളക്ട് ചെയ്ത തുക ഡിമാന്റാക്കി രേഖപ്പെടുത്തുന്ന തെറ്റായ പ്രവണതയാണ് സ്ഥാപനം സ്വീകരിച്ചിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും) ഭേദഗതി ചട്ടങ്ങൾ 2017 ലെ 18,21,24 എന്നിവ പാലിച്ചിട്ടുണ്ട്. ലൈസൻസ് ഫീസ് ഇനത്തിൽ ആകെ 60,900 രൂപയാണ്.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം പാർപ്പിടാവശ്യത്തിനല്ലാതെ നിർമ്മിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളിലും നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വാർഡുകളുടെ ചുമതലയുള്ള ക്ലർക്കുമാർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും ലൈസൻസ് പരിധിയിൽ വരുന്നതുമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3) വാടക

*കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടങ്ങൾ, 2005

ഗ്രാമപഞ്ചായത്തിന് ആകെ ഒരു കടമുറി മാത്രമാണുള്ളത്. ഇതിൽ നിന്നും 2022-23 വർഷത്തിൽ 8211 രൂപ വരവുണ്ട്. കടമുറിയുടെ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ രൂപീകരിച്ചിട്ടില്ല.

എ) വാർഷിക വാടക വർദ്ധനവ്

കടമുറി വാടകയ്ക്ക് എടുത്തിട്ടുള്ള അതേ വ്യക്തിക്ക് തന്നെ ലേല നടപടികൾ കൂടാതെ ഓരോ വർഷവും തുടർന്ന് ഉപയോഗിക്കുവാൻ അനുവാദം നൽകുമ്പോൾ 5% വാർഷിക വാടക വർദ്ധനവ് വരുത്തുന്ന രീതിയാണ് തുടർന്ന് വരുന്നത്.

ബി) പഞ്ചായത്ത് വക ഗ്രൗണ്ട്

പഞ്ചായത്ത് വക ഗ്രൗണ്ട് ഫലപ്രദമായി ഉപയോഗിച്ച് വരുമാനം വർദ്ധനവിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

സി) വാടക പിരിവിനുള്ള സോഫ്റ്റ്‌വെയർ

ഐ.കെ.എം വികസിപ്പിച്ച സഞ്ചയ സോഫ്റ്റ്‌വെയറിൽ വാടക ഈടാക്കുന്നതിനുള്ള മോഡ്യൂൾ കൂടി ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിലും നാളിതുവരെ ആയത് പ്രാവർത്തികമായിട്ടില്ല.

4. ലേലം

ആസ്തി രജിസ്റ്ററും ലേല രജിസ്റ്ററും പൊരുത്തപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികളായ ഇ-വേയ്സ്റ്റുകൾ, വാഹനങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവ യഥാസമയം ലേലം ചെയ്യുന്നില്ല. ഉദാഹരണമായി വർഷങ്ങളായി ഉപയോഗരഹിതമായി പഞ്ചായത്ത് വസ്തുവിൽ കിടന്നിരുന്ന ട്രാക്ടർ ലേലം നടത്തിയത് 2021-22 ലാണ്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിലുള്ള ഫലവൃക്ഷങ്ങളുടെ കൃത്യമായ കണക്ക് പഞ്ചായത്തിലില്ല. ഇവയിൽ നിന്നും ആദായം നേടുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാവുന്നതാണ്.

5. വിനോദ നികുതി

പ്രകൃതി രമണീയമായതും വിനോദ സഞ്ചാരത്തിന് പ്രാധാന്യമുള്ളതുമായ ചേലപ്പുഴക്കടവ് തൂക്കുപാലം ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നുണ്ട്, ഈ സ്ഥലം കാണുന്നതിന് ധാരാളം ആളുകൾ വിവിധ പ്രദേശങ്ങളിൽ നിന്നും ഇവിടെ എത്തിചേരുന്നു. എന്നാൽ പ്രാദേശിക ടൂറിസം വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പുഴയോര പുറമ്പോക്ക് ധാരാളം ഉള്ളതിനാൽ റിവർ ക്രൂയിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതയും പ്രയോജനപ്പെടുത്താം. വിനോദ സഞ്ചാരത്തിലധിഷ്ഠിതമായി വരുമാനമുണ്ടായേക്കാവുന്ന വികസന പ്രവർത്തനങ്ങൾ നടത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടില്ല.

## 1-13 സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യത്തിനായി നിർണ്ണയിച്ചിരിക്കുന്ന കെട്ടിടങ്ങളെല്ലാം ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നില്ല

വസ്തുനികതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 398 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 282 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 46 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 1 |
| ഓഫീസ് ആവശ്യത്തിനുള്ളവ(വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 26 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ | 4 |
| വ്യവസായത്തിനാവശ്യമായ കൈത്തറി ഷെഡ്/ കയർപിരി ഷെഡ് | 13 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 26 |
| ആകെ | 398 |

സ്ഥാപനം ലഭ്യമാക്കിയ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 163 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. 2021-22-ൽ 35 സ്ഥാപനങ്ങൾ ലൈസൻസ് ഡിമാന്റിൽ ഉൾപ്പെട്ടിരുന്നു. തൻ വർഷ ലൈസൻസ് രജിസ്റ്റർ പ്രകാരം 85 സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് ലഭ്യമാക്കിയിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ കളക്ഷൻ തന്നെ ഡിമാന്റായി രേഖപ്പെടുത്തുന്ന തെറ്റായ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ലൈസൻസ് രജിസ്റ്ററിൽ DCB തയ്യാറാക്കിയപ്പോൾ ഡിമാന്റും കളക്ഷനും തുല്യമാക്കി സാക്ഷ്യപ്പെടുത്തിയതിന്റെ സാംഗത്യം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 22 തീയതി 11.10.2023) നൽകിയ മറുപടിയിൽ 2020 -ലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 163 സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നെങ്കിലും നിലവിൽ 93 സ്ഥാപനങ്ങൾ മാത്രമാണ് പ്രവർത്തിയ്ക്കുന്നതെന്നാണ് അറിയിച്ചിരിക്കുന്നത്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വസ്തുനികതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം പാർപ്പിടാവശ്യത്തിനല്ലാതെ നിർമ്മിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളിലും നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വാർഡുകളുടെ ചുമതലയുള്ള ക്ലർക്കുമാർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതുമാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും ലൈസൻസ് പരിധിയിൽ വരുന്നതുമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ ആശുപത്രി പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസും, 1997-ലെ കേരള പഞ്ചായത്ത്‌രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയാ

സോഫ്റ്റ്‌വെയറിൽനിന്നുള്ള വിവരമനുസരിച്ച് 9 ആശുപത്രികൾ ഗ്രാമപഞ്ചായത്തിലുണ്ട്. ഇതിൽ 4 എണ്ണം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്. എന്നാൽ ബാക്കി സ്വകാര്യ ആശുപത്രികൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയോ, ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ലായെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. സഞ്ചയയിൽ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരമനുസരിച്ച് ഇവ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ 2/283/D, 4/101, 4/320, 7/112, 13/5 എന്നിവയാണ്. ടി ആശുപത്രികൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയോ, ലൈസൻസ് എടുക്കുകയോ ചെയ്യാതെ പ്രവർത്തിച്ചതിനെതിരെ സ്വീകരിച്ച നടപടികൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 22 തീയതി 11.10.2023) നൽകിയ മറുപടിയിൽ ടി സ്ഥാപനങ്ങളെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

നാളിതുവരെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയോ, ലൈസൻസ് എടുക്കുകയോ ചെയ്യാതെ പ്രവർത്തിച്ചതിനെതിരെ 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ) ചട്ടം 8 പ്രകാരം ഉള്ള ശിക്ഷാനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല

സാമ്പത്തിക വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(എ) <u>നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല</u>

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുവാൻ നോട്ടീസു മൂലം ആവശ്യപ്പെടാൻ സെക്രട്ടറി ബാദ്ധ്യസ്ഥനാണ്. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക്കാൻ വകുപ്പ് 205ഡി പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) ലും നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട തുക നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ തുടർ വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) <u>റേഷൻ കടകൾ ക്ഷീരസംഘങ്ങൾ എന്നിവങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

ഗ്രാമപഞ്ചായത്ത്പരിധിയിലുള്ള 12 റേഷൻ കടകളിൽ 3 റേഷൻ കടകളുടെ മാത്രമാണ് ലൈസൻസും തൊഴിൽ നികുതിയും അടവാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത്പരിധിയിൽ 4 ക്ഷീരസംഘങ്ങളുള്ളതിൽ(മരീക്കൽ KUCS, നൂറന്മാവ്KUCS, പുല്ലുകുത്തി KUCS, കുരുന്നംവേലി KUCS ) മരീക്കൽ KUCS, നൂറന്മാവ് KUCS എന്നീ ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ 2 അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതിയും ലൈസൻസും അടവാക്കിയിട്ടില്ല.

ഇതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 22/11-10-2022) തൊഴിൽ

നികതി പിരിച്ചെടുക്കുന്നതിലേക്കായി ടി സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും നികുതി ഈടാക്കി വിവരം ലഭ്യമാക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

(സി) മരാമത്ത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേര് |
|---|---|
| 1 | ബിജു കെ.ജെ. |
| 2 | പി.എം. കബീർ |
| 3 | ജയൻ റ്റി.ജെ. |
| 4 | ലിൻസൺ പി. ജോൺ |
| 5 | ജോൺ സി. തോമസ് |
| 6 | ലിജോ സാം വർഗ്ഗീസ് |
| 7 | സോണി ജോസഫ് |
| 8 | ബാബു കുര്യൻ |

മേൽപ്പറഞ്ഞ കരാറുകാർ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചതായി രേഖകളില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

## 1-16 ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട്-മോട്ടോർവെഹിക്കിൾ ഡിപ്പാർട്ട്മെന്റ് വാടകരഹിതമായി ഉപയോഗിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള പൊതു കളിസ്ഥലം നിലവിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന് ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് വിട്ടു നൽകിയതായി ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ മനസ്സിലാക്കുവാൻ സാധിച്ചു. ഈ കളിസ്ഥലം വിട്ടു നൽകിയതു സംബന്ധിച്ചുള്ള കമ്മിറ്റി തീരുമാനവും എത്ര നാളത്തേക്ക് വിട്ടു കൊടുത്തിരിക്കുന്നു എന്നതും മറ്റ് വ്യവസ്ഥകളും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റുമായി വച്ചിട്ടുള്ള കരാറും പരിശോധനയ്ക്ക് ഹാജരാക്കുന്നതിലേക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14 തീയതി 09.10.2023) മറുപടിയായി ടി പൊതു കളിസ്ഥലം നിലവിൽ പഞ്ചായത്ത് മിനി മാർക്കറ്റായി പ്രവർത്തിച്ചു വരുന്ന സ്ഥലമാണെന്നും പതിറ്റാണ്ടു മുൻപ് ഇതിന്റെ ഒരു ഭാഗം മോട്ടോർ വാഹന വകുപ്പ് ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനായി താൽക്കാലികമായി ഉപയോഗിച്ചുവരുന്നതാണെന്നും ആയതുമായി ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം കാലപ്പഴക്കം ഏറിയതിനാൽ പ്രാഥമിക പരിശോധനയിൽ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ഹാജരാക്കുവാൻ സാധിക്കുകയില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ഭാവിയിൽ പ്രസ്തുത സ്ഥലത്ത് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് ആലോചിക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 198 (2) പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തിയ സേവനമോ, സുഖസൗകര്യമോ, പാർക്കിംഗ് സൗകര്യമോ ഉപയോഗിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും നിശ്ചിത നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കാം. ഈ വിഷയത്തിന്മേൽ ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-17 കരാർ ജീവനക്കാരുടെ നിയമന, സേവന വിവരങ്ങൾ സൂക്ഷിക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിൽ വിവിധ തസ്തികകളിൽ കരാർ ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്. എന്നാൽ ഇവരുടെ നിയമനം, സേവനം എന്നിവ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 2022-23വർഷം ചുവടെ പറയുന്ന തസ്തികകളിൽ കരാർ ജീവനക്കാർ ജോലി ചെയ്തിരുന്നതായി തനതുഫണ്ട് വൗച്ചറിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| ടെക്നിക്കൽ അസിസ്റ്റന്റ് | 1 |
| ഡ്രൈവർ | 1 |
| പ്രോജക്ട് അസിസ്റ്റന്റ് | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| അറ്റൻഡർ (GAD) | 1 |
| സ്റ്റാഫ്നേഴ്സ്(FHC) | 1 |
| അക്രഡിറ്റഡ് എഞ്ചിനീയർ | 1 |
| ഓവർസീയർ (MGNREGS) | 1 |
| അക്കൌണ്ടന്റ്-കം-ഐറ്റി അസിസ്റ്റന്റ് (MGNREGS) | 2 |
| ക്ലാർക്ക് (LSGD Engineering Wing) | 1 |

പഞ്ചായത്തിൽ നിയമിതരായിട്ടുള്ള കരാർ ജീവനക്കാരുടെ നിയമനവും സേവനവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (20/11.10.2023) നൽകി. തുടർന്ന് എംജിഎൻആർഇജിഎസ് വിഭാഗം ജീവനക്കാരുടെയും, പ്രോജക്ട് അസിസ്റ്റന്റിന്റെയും ഉൾപ്പെടെ ആറ് പേരുടെ എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കി. എന്നാൽ നിയമനം സേവനം, ലീവ് എന്നിവ സംബന്ധിച്ച യാതൊരു വിവരവും ഹാജരാക്കിയില്ല. ഇതിൽനിന്നും കരാർ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ചുവടെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു എന്ന് വ്യക്തമാണ്.

1. മേൽപ്പറഞ്ഞ വിഭാഗം കരാർ ജീവനക്കാർ കെഎസ്ആർഭാഗം 1 അനുബന്ധം 8 പ്രകാരമാണോ നിയമിതരായിട്ടുള്ളത് എന്നത് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.
2. ഓരോ വർഷവും നിയമനം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. 2022-23 ലേക്ക് ടെക്നിക്കൽ അസിസ്റ്റന്റ്, പ്രോജക്ട് അസിസ്റ്റന്റ്, അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസീയർ, അക്കൌണ്ടന്റ് കം ഐറ്റി അസിസ്റ്റന്റ് എന്നിവരുടെ കരാർ നിയമനം നീട്ടി നൽകിയിട്ടുണ്ട്. ബാക്കി ജീവനക്കരുടെ കരാർ നിയമനം നീട്ടി നൽകിയത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയില്ല.
3. ടി കരാർ ജീവനക്കാരുടെ സേവനപുസ്തകത്തിൽ നാളിതുവരെയുള്ള സേവന വിവരങ്ങൾ, ആർജ്ജിതാവധി, ലീവ് സറണ്ടർ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ടെക്നിക്കൽ അസിസ്റ്റന്റ്, പ്രോജക്ട് അസിസ്റ്റന്റ്, അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസീയർ, അക്കൌണ്ടന്റ് കം ഐറ്റി അസിസ്റ്റന്റ് എന്നിവർ സാമ്പത്തിക വർഷം ലീവ് സറണ്ടർ ചെയ്തിട്ടുണ്ടെങ്കിലും സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.
4. കരാർ ജീവനക്കാരുടെ നിയമാനുസൃത ലീവുകൾ രേഖപ്പെടുത്താൻ പ്രത്യക രജിസ്റ്റർ ഇല്ല.

അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 20തീയതി 11.10.2023) നൽകിയ മറുപടിയിൽ ടി ജീവനക്കാർക്ക് സേവന പുസ്തകം തയ്യാറാക്കുന്നതാണെന്നും സേവനം സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ ഇതിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. അപാകതകൾ പരിഹരിക്കേണ്ടതും, സേവന വിവരങ്ങൾ കൃത്യമായി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കൃത്യമായ ഹാജരിന്റെ അടിസ്ഥാനത്തിൽ മാത്രം വേതനം നൽകുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഭരണസമിതിയോഗം- മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ 30.05.2023 മുതലുള്ള ചുവടെ ചേർക്കുന്ന തീയതികളിലെ മിനിട്ട്സ് ഓഡിറ്റ് തീയതിയിലും പൂർത്തീകരിച്ചിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | യോഗം നടന്ന തീയതി | യോഗം നമ്പർ |
|---|---|---|
| 1 | 30.05.2023 | 17 |
| 2 | 11.08.2023 | 21 |
| 3 | 05.09.2023 | 23 |
| 4 | 30.09.2023 | 24 |

നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത് എന്നിരിക്കേ യോഗങ്ങളുടെ മിനിട്ട്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 2 തീയതി 05.10.2023) നൽകിയതിനെ തുടർന്ന് ക്രമ നമ്പർ 1, 2 പ്രകരമുള്ള മിനിട്ട്സുകൾ സകർമ്മയിൽ പൂർത്തീകരിച്ച് വിവരം ലഭ്യമാക്കി. 05.09.2023, 30.09.2023 തീയതികളിൽ കൂടിയ യോഗത്തിന്റെ തീരുമാന രജിസ്റ്റർ പൂർത്തികരിച്ചിട്ടുണ്ടെന്നും ഉടൻ തന്നെ ഈ മിനിറ്റ്സുകൾ സകർമ്മയിൽ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും വർക്കിംഗ് ഗ്രൂപ്പുകളുടേയും മിനിറ്റ്സുകൾ യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ച് ഓൺലൈനിൽ പൊതുജനങ്ങൾക്ക് കാണുന്നതിനായി പബ്ലിഷ് ചെയ്യേണ്ടതാണ്. ഈ വിഷയം തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 കുടുംബാരോഗ്യ കേന്ദ്രത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ- പ്ലാന്റുകൾക്കുള്ള ഇൻസെന്റീവ് ലഭിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം ആനിക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി (പ്രോജക്ട് നം. എസ്.0166/23) 12,89,354 രൂപ ചെലവഴിച്ചിട്ടുണ്ട്. നിക്ഷേപ പ്രവൃത്തിയായി തുക അനർട്ടിന്റെ പത്തനംതിട്ട ജില്ലാ ഓഫീസിലാണ് ഒടുക്കിയത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിച്ച തുക | ബിൽ നം./തീയതി |
|---|---|---|
| വികസനഫണ്ട് | 71,354 | 22050852011701137838/04-02-2023 |
| റോഡിതര സംരക്ഷണഗ്രാന്റ് | 12,18,000 | 22050852011701137842/04-02-2023 |

പ്ലാന്റ് സ്ഥാപിച്ച് 20-04-2023-ൽ സ്ഥാപനം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. അനർട്ടുമായുള്ള കരാർ വ്യവസ്ഥകൾ പ്രകാരം 2022-23 സാമ്പത്തിക വർഷം അനർട്ടിന്റെ ജില്ലാ ഓഫീസ് മുഖേനയുള്ള

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക്, സർക്കാർ സ്ഥാപനങ്ങളിൽ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന സോളാർ പ്ലാന്റുകൾക്ക് പദ്ധതി തുകയുടെ 10% ഇൻസെന്റീവ് ലഭിക്കുന്നതാണ്. ഇൻസെന്റീവ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.08/2022-23, തീയതി: 07-10-2023). ഇൻസെന്റീവ് ലഭിച്ചിട്ടില്ലെന്നാണ് മറുപടി ലഭ്യമാക്കിയത്. കരാർ വ്യവസ്ഥകൾ പ്രകാരമുള്ള ഇൻസെന്റീവ് തുക ലഭിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-20 വാട്ടർ അതോറിറ്റിയുടെ അനാസ്ഥ- വെള്ളക്കരം കുടിശ്ശിക പെരുകുന്നു

വാട്ടർ അതോറിറ്റിയുടെ 04/22-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 103 ടാപ്പുകൾക്കാണ് വെള്ളക്കരം ഡിമാന്റ് ചെയ്തിരുന്നത്. 03/23-ൽ 73 ടാപ്പുകളുടെ വെള്ളക്കരമാണ് ഒടുക്കവരുത്തിയത്. ഇത്രയും ടാപ്പുകൾ നിലവിൽ പ്രവർത്തന സജ്ജമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് സംയുക്ത പരിശോധന നടത്തി ഉപയോഗമില്ലാത്തവയെല്ലാം കുറവു വരുത്തുന്നതിന് 2017-18 മുതൽ പരിശ്രമിച്ചെങ്കിലും അനുകൂല നിലപാട് വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. തനത് വരുമാനം തീരെയില്ലാത്ത ഈ പഞ്ചായത്തിലെ വരുമാനത്തിലും അധികം തുകയാണ് വെള്ളക്കരമിനത്തിൽ മാസംതോറും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തു കൊണ്ടിരിക്കുന്നത്. ഈ ടാപ്പുകളിൽ മിക്കപ്പോഴും വെള്ള ലഭ്യതയും ഇല്ല. കുടിശ്ശികയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2 ശതമാനം പിഴ പലിശയാണ് ചുമത്തുന്നത്. വെള്ളക്കരവും കുടിശ്ശികയും ഗ്രാമപഞ്ചായത്തിന് താങ്ങാവുന്നതിലും അധികമായപ്പോൾ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടാപ്പുകൾ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ കുറവു വരുത്തുന്നതു വരെ അടവാക്കേണ്ട എന്ന നിലപാടിൽ എത്തിചേരുകയാണുണ്ടായത്.

2022-23 സാമ്പത്തിക വർഷത്തിൽ ഈ നിലപാടിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം അടവാക്കുകയേ ചെയ്തിട്ടില്ല. ഓഡിറ്റ് വേളയിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച വെള്ളക്കര ഡിമാന്റ് പ്രകാരം (09/23-ലെ ഡിമാന്റ്) 73 ടാപ്പുകൾക്കുള്ള വെള്ളക്കരം അടയ്ക്കുവാൻ ഡിമാന്റ് ചെയ്തിട്ടുള്ളത്. ഇത് പ്രകാരം ടാപ്പൊന്നിന് പ്രതി വർഷം 14559.12 രൂപയാണ് ഡിമാന്റ് ചെയ്യുന്നത്. 09/23-ലെ ഡിമാന്റ് പ്രകാരം കുടിശ്ശിക 33787878 രൂപയും ഫൈൻ ഇനത്തിൽ 662791 രൂപയും അടവാക്കാനുള്ളതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

പഞ്ചായത്ത് കമ്മിറ്റിയുടെ 10/03/2022 ലെ 9(1) ാം നമ്പർ തീരുമാനപ്രകാരം, ഗ്രാമപഞ്ചായത്തിലെ മുഴുവൻ പൊതുടാപ്പുകളും വിച്ഛേദിച്ച് വെള്ളക്കരം ഒഴിവാക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് വാട്ടർ അതോറിറ്റി മല്ലപ്പള്ളി അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെടുന്നതിന് തീരുമാനിക്കുകയും ഇതനുസരിച്ച് 31.03.2022 ലെ എ2-100/22 നമ്പർ പ്രകാരം വാട്ടർ അതോറിറ്റി മല്ലപ്പള്ളി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് 22.12.2022 ലെ എസ് സി /601/22 നമ്പർ പ്രകാരം ബഹു. ജലവിഭവ വകുപ്പ് മന്ത്രിയ്ക്കും ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയ്ക്കും കത്ത് നൽകിയിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിന്റെ നിരന്തരമായ ആവശ്യത്തെ തുടർന്ന് 13.09.2023-ൽ വാട്ടർ അതോറിറ്റി സംയുക്ത പരിശോധന നടത്തി വാർഡ് 1, 2 എന്നീ വാർഡുകളിൽ ഓരോ ടാപ്പ് വീതം നിലനിർത്തി ബാക്കി ടാപ്പുകൾ മുഴുവൻ നിർത്തലാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് സമർപ്പിയ്ക്കുകയുണ്ടായി. നിലവിലെ സാമ്പത്തികസ്ഥിതി അനുസരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്ന് അറിയിച്ച തുക അടവാക്കുന്നതിനും പഞ്ചായത്തിന് നിർവ്വാഹമില്ല എന്നാണ് സെക്രട്ടറി അറിയിച്ചിരിക്കുന്നത്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തി ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-21 സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് സംവിധാനം നടപ്പാക്കിയില്ല - പ്രതിവർഷ ബാദ്ധ്യത 7.02 ലക്ഷം

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഗ്രാമപ്പഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാൽ, ഉപയോഗിക്കാത്ത വൈദ്യുതിയ്ക്ക് ചാർജ്ജ് ഒടുക്കുന്ന അവസ്ഥയാണുള്ളത്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഓഡിറ്റ് വർഷം 702,788 രൂപയാണ് ഒടുക്കിയിട്ടുള്ളത്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കുണ്ടാകുന്ന ഭീമമായ ചെലവ് ഇല്ലാതാക്കുവാനും ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുവാനും സാഹചര്യം

ഉണ്ടാക്കുവാനായാണ് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ മുന്നോട്ടുവെച്ചതും അതിനായി കെ.എസ്.ഇ.ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്യുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചതും. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള 07-07-2010 ലെ 43742/DC3/ത.സ്വ.ഭ.വ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി ആകെ തുകയുടെ 50% തുക അടവാക്കിയാൽ മതിയായിരുന്നു. ജില്ലയിലെ ഒട്ടുമിക്ക പഞ്ചായത്തുകളും മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറിക്കഴിഞ്ഞു. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശം വന്നിട്ട് കാലങ്ങളായിട്ടും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുവാൻ നാളിതുവരെ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നത് പദ്ധതി ആസൂത്രണത്തിലുണ്ടായ വീഴ്ചയാണ്.

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി. പ്രതിമാസം ഡിമാന്റ് ചെയ്യുന്ന ഭീമമായ തുക ഒടുക്കുവാൻ ഗ്രാമപഞ്ചായത്ത് നിർബന്ധിതരാകുകയും തനത് ഫണ്ടിൽ നിന്ന് ഈയിനത്തിൽ വൻതുക ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നു. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കി, ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 പ്രോജക്ടുകൾ "സ്പിൽ ഓവറിൽ' ഉൾപ്പെടുത്താതെ തുക ചെലവഴിച്ചു

2022-23 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഭവനം അറ്റകുറ്റപണി പ്രോജക്ടിൽ നിന്നും മുൻവർഷത്തെ പദ്ധതിക്ക് തുക വിനിയോഗിച്ചത് പതിനാലാം പഞ്ചവത്സര പദ്ധതി-പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ (സ.ഉ.(കൈ) നം. 84/2022/തസ്വഭവ, തീയതി: 19-04-2022) ഖണ്ഡിക 11 ന് വിരുദ്ധമായാണ്. ഒരു സാമ്പത്തിക വർഷം ആരംഭിച്ച് അടുത്ത സാമ്പത്തിക വർഷത്തിൽ വിർവ്വഹണം തുടരേണ്ട പ്രോജക്ടുകൾ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തി വാർഷിക പദ്ധതിയുടെ ഭാഗമാക്കി അംഗീകാരം വാങ്ങേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/നം.<br>അകെ പദ്ധതി ചെലവ് | മുൻവർഷത്തെ പ്രോജക്ട്/നം. | തൻവർഷം ചെലവഴിച്ച തുക | ഫണ്ട് | തുക നൽകിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|
| ഭവനം അറ്റകുറ്റപണി (എസ്.0004/23)<br>രൂ. 2955434 | എസ്.0012/22 | 2,10,434 | വികസന ഫണ്ട് | 4x50000= 200000<br>1x 10434 = 10434<br>(ആകെ5 പേർക്ക്) |

ഇപ്രകാരം വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെ (പ്രോജക്ടില്ലാതെ) തൻ വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ഓഡിറ്റ് എൻക്വയറിമൂലം (നം. 16/2022-23, തീയതി:10-10-2023) ആവശ്യപ്പെട്ടു. എൻക്വയറിക്ക് മറുപടിയായി, പ്രോജക്ടുകൾ സ്പിൽ ഓവറിൽ ഉൾപ്പെടുത്താതെ പദ്ധതിക്ക് അംഗീകാരം വാങ്ങുകയും പിന്നീട് ഗുണഭോക്താക്കൾ ആവശ്യപ്പെട്ടതിനെ തുടർന്ന് പഞ്ചായത്ത് കമ്മറ്റിയുടെ 05-12-2022-ലെ I(4)-ാം നമ്പർ തീരുമാന പ്രകാരം തുക അനുവദിക്കുകയുമാണ് ഉണ്ടായതെന്ന് വിശദീകരിക്കുകയുണ്ടായി.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഒരു സാമ്പത്തിക വർഷം ആരംഭിച്ച് അടുത്ത സാമ്പത്തിക വർഷത്തിൽ നിർവ്വഹണം തുടരേണ്ട പ്രോജക്ടുകൾ ഉണ്ടെങ്കിൽ ആയത് സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-23 നിക്ഷേപ പ്രവൃത്തികൾ- നിർവ്വഹണ ഏജൻസികൾ സമയബന്ധിതമായി പ്രവൃത്തികൾ

പൂർത്തിയാക്കുന്നില്ല

2017-18 മുതൽ 2022-23 വരെ നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിച്ചുവെങ്കിലും കുറച്ച് പ്രവൃത്തികൾ മാത്രമാണ് പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | വർഷം | ഏജൻസി | തുക നിക്ഷേപിച്ചത് (₹) | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് (₹) | തിരികെ ലഭിക്കാനുള്ള തുക (₹) |
|---|---|---|---|---|---|---|
| 1 | പൈപ്പ് ലൈൻ നീട്ടൽ (എസ്.0020/18) | 2017-18 | KWA | 230000 | 211060 | 18940 |
| 2 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (എസ്.0019/18) | ,, | KSEB | 582849 | 433749 | 149100 |
| 3 | എസ്.സി.കോളനിയിലേക്ക സ്ട്രീറ്റ് ലൈൻ നീട്ടൽ (എസ്.0058/18) | ,, | KSEB | 115635 | ലഭിച്ചില്ല | -- |
| 4 | ചൊറിക്കാവുങ്കൽപ്പടി - കടിലിൽപ്പടി നടപ്പാത -പൈപ്പ് ലൈൻ നീട്ടൽ | 2020-21 | KWA | 150000 | ,, | -- |
| 5 | പൈപ്പ് ലൈൻ നീട്ടൽ | ,, | ,, | 71340 | ,, | -- |
| 6 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | ,, | ,, | 988000 | ,, | -- |
| 7 | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 2022-23 | KSEB | 299643 | ,, | -- |

നിർവ്വഹണ ഏജൻസികളിൽ ഒടുക്കിയ തുകയിൽ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ലഭിക്കാനുള്ള തുക തിരികെ ഈടാക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 വയോജന ക്ഷേമത്തിനായുള്ള പകൽ വീട് നിർമ്മാണം- ലക്ഷ്യം കൈവരിച്ചില്ല

വയോജന ക്ഷേമത്തിനായുള്ള പകൽ വീട് നിർമ്മാണത്തിനായി 2021-22 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ബഹുവർഷ പദ്ധതി രൂപീകരിച്ചിരുന്നു [പ്രോജക്ട് നം. എസ് 0081/22]. 2021-22 വർഷം 729920/- രൂപയും 2022-23 വർഷം 200000/- രൂപയും ഉൾപ്പെടെ ആകെ 929920/- രൂപയായിരുന്നു പദ്ധതി അടങ്കൽ. 2022-23 വർഷം താഴെ പറയും പ്രകാരം 589576/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം./തീയതി | ചെലവ് തുക |
|---|---|
| BRN 220508522011801092908/27-01-2023 | 3,89,576 |
| BRN 220508522011800441562/19-08-2022 | 2,00,000 |

പകൽ വീട് നിർമ്മാണത്തിനായി സാങ്കേതിക അനുമതിയും ഭരണാനുമതിയും ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ കരാർ ടിനു തോമസ് എന്ന കരാറുകാരന് നൽകി. 16-03-2022-ൽ കരാർ ഉടമ്പടി ചമച്ചിട്ടുണ്ട്. പ്രവൃത്തി 21-03-2022-ൽ ആരംഭിച്ചതായും അവസാനമായി അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് 18-05-2002 ലുമാണെന്ന് എം ബുക്ക് പരിശോധിച്ചതിൽ വ്യക്തമായി. ഇതിനു ശേഷം നിർമ്മാണ പ്രവൃത്തികൾ നടന്നിട്ടില്ല. 26-05-2022 ൽ പാർട്ട് ബിൽ തയ്യാറാക്കി 5,89,576 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് ടീം ഭൗതിക പരിശോധന നടത്തിയതിൽ, രണ്ട് വർഷമായി നിർമ്മാണം

നിലച്ചിട്ടുള്ള പകൽ വീട് കെട്ടിടത്തിൽ പ്ലാസ്റ്ററിംഗ് പോലും ചെയ്തിട്ടില്ലായെന്നും കെട്ടിടത്തിന്റെ ഫൗണ്ടേഷനിൽ ചെയ്തിട്ടുള്ള DR Packing വർക്കിൽ കൃത്യമായ പാക്കിംഗ് നടത്താത്ത മൂലം പലസ്ഥലത്തും വലിയ ഗ്യാപുകൾ രൂപപ്പെട്ടിട്ടുണ്ട് എന്നും കാണുകയുണ്ടായി. ഇതെല്ലാം കെട്ടിടത്തിന്റെ Structural Stability യെ ബാധിക്കുന്ന രീതിയിലാണ് കാണപ്പെട്ടത്. പകൽ വീട് നിർമ്മാണത്തിന്റെ പൂർത്തീകരണ പദ്ധതികൾ ആവിഷ്കരിച്ച് തുടർ വർഷങ്ങളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. കെട്ടിടത്തിൻെറ ഉറപ്പ് സാങ്കേതിക വിദഗ്ധർ പരിശോധിച്ചതിനു ശേഷം തുടർ നിർമ്മാണങ്ങൾ (വെള്ളം, വൈദ്യുതി ഉൾപ്പടെ) പൂർത്തിയാക്കി വയോജന ക്ഷേമ കേന്ദ്രത്തിൻെറ പ്രവർത്തനം ആരംഭിക്കുന്നതിന്റെ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.




## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് | 100000 | പാലിന് സബ്സിഡി (എസ്.0076/23) | 100000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 339050 | ,, | 339050 | ,, |
| മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് | 50000 | അംഗൻവാടി അനുപൂരക പോഷകാഹാരം (എസ്.0025/23) | 50000 | ,, |
| ജില്ലാ പഞ്ചായത്ത് | 160850 | ,, | 160850 | ,, |

| | | | | |
|---|---|---|---|---|
| മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് | 77205 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്.0067/23) | 77205 | ,, |
| ജില്ലാ പഞ്ചായത്ത് | 300000 | ,, | 300000 | ,, |
| ജില്ലാ പഞ്ചായത്ത് | 292973 | പാലിയേറ്റീവ് കെയർ (എസ്.0023/23) | 292973 | ,, |
| മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് | 344442 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (എസ്.0026/23) | 344442 | ,, |
| മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് | 423321 | ലൈഫ് എസ്സിപി (എസ്.0178/23) | 423321 | ,, |
| ജില്ലാ പഞ്ചായത്ത് | 1100000 | ,, | 1100000 | ,, |
| മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് | 320000 | ലൈഫ് ഭവന നിർമാണം (എസ്.0098/23) | 320000 | ,, |
| ജില്ലാ പഞ്ചായത്ത് | 900000 | ,, | 900000 | ,, |
| ആകെ | | | 4407841 | |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (എസ്.0006/23) | കെ.എസ്.ഇ.ബി. | 2,99,643 | ഇല്ല |
| 2 | കുടുംബാരോഗ്യ കേന്ദ്രത്തിന് സോളാർ പാനൽ സ്ഥാപിക്കൽ (എസ്.0166/23) | അനർട്ട് | 12,89,354 | പ്രവൃത്തി പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി |
| | ആകെ | | 15,88,997 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | 86,50,000 | 13,44,682 | 3,60,062 | 14,938 | 9,84,620 |
| KURDFC | 24,00,000 | 13,52,978 | 6,00,227 | -- | 7,52,751 |

| | | | | | |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | | | | | |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3,48,534രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു,

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2020-21 | 1-27 | 3,04,324 | ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ | 24-8-2022 മുതൽ31-03-2023 വരെയുള്ള വിവിധ രസീതുകൾ |
| 2013-14 | 3-4 | 22,581 | ശ്രീമതി ബിന്ദു വേലായുധൻ അസിസ്റ്റന്റ് എഞ്ചിനീയർ | 1220101082/ 18-10-2022 |
| 2018-19 | 1-16 | 1,500 | ശ്രീ. സജൻ എസ്. വി.ഇ.ഒ., ആനിക്കാട് | 1220101151/ 29-10-2022 |
| 2020-21 | 1-23 | 3,542 | ശ്രീ. സുരേഷ്കുമാർ കോൺട്രാക്ടർ | 1220100167/ 12-05-2023 |
| ,, | 1-16 | 3,372 | ശ്രീ. ജോൺ സി. തോമസ് കോൺട്രാക്ടർ | 12201010133/ 07-05-2022 |
| ,, | 1-23 | 3,000 | ശ്രീ. ലിജോ ജോസ് വർഗ്ഗീസ് കോൺട്രാക്ടർ | 1220100125/ 04-05-2022 |
| ,, | ഓഡിറ്റ് എൻക്വയറി 32/2020-21 | 6,000 | ശ്രീ. സോണി ജോസഫ് കോൺട്രാക്ടർ | 1220100122/ 29-04-2022 |
| ,, | 1-16 | 4,215 | ശ്രീ. റ്റിനമോൻ തോമസ് കോൺട്രാക്ടർ | 1220100069/ 21-04-2022 |
| ആകെ | | 3,48,534 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ് സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 26010034 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 19545830 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | എൽ.എഫ്.പിറ്റിഎ.പി7-802/10<br>തീയതി:04.10.2011 | 1<br>(3-9) |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി7-558/15<br>തീയതി: 04.07.2015 | 1<br>(2-1) |
| 2014-15 | എൽ.എഫ്.പിറ്റിഎ.പി7-597/16<br>തീയതി:01.06.2016 | 3<br>(3-2,3-3,3-4) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ. പി7/1184/16<br>തീയതി:10.11.2016 | 2<br>(2-1, 2-5) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ./പി7/1128/17<br>തീയതി: 5.10.2017 | 8<br>(2-3 (സി), 2-4, 3-1, 3-4, 3-5, 3-9, 3-10) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി7/ 237/18<br>തീയതി: 03.05.2019 | 11<br>(2-3, 2-5, 2-8, 2-9, 2-10, 3-1, 3-2, 3-3, 3-4, 3-8, 3-9) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി7/200/20<br>തീയതി: 27.04.2020 | 11<br>(1-9, 1-11 To 1-20) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി7/315/22<br>തീയതി: 30.03.2022 | 17 (1-11, 1-12, 1-14, 1-16,1-17, 1-18, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 4-3, |

| | | |
|---|---|---|
| | | 4-10,4-11 ) |
| 2020-21 | കെ.എസ്.എ.ഡി.പി.റ്റി.എ പി7/486/2022 തീയതി: 23/05/2022 | 16 (1-12(a, B) 1-13, 1-14, 1-16, 1-18, 1-21, 1-22, 1-23, 1-24, 1-25, 1-27, 1-29, 1-30, 1-32, 1-33, 3-1) |
| 2021-22 | കെ.എസ്.എ.പി.റ്റി. എ.പി 7/174/23 തീയതി: 30.03.2022 | 9 (1-14, 1-16, 1-17, 1-20, 1-24, 1-28, 3-1, 3-2, 4-10) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 10-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the ANIKKAD Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of ANIKKAD Grama Panchayat for the year 2022-2023

Date: 07/11/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of ANIKKAD Grama Panchayat for the Year 2022-2023.

### 1.Major Observations

1.The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

### 2.Other Observations

1. The mandatory financial statements such as notes on accounts and ratios prescribed in accounting rules are not submitted for audit.
2. Cash flow statement:- Net decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.
3. Lapses in making timely and accurate demand entries in respect of tax and non tax revenue.

4. Deposit Work- Registers were not kept in order and not reliable for audit.
5. Expenses were not booked in appropriate heads.
6.Deposit works accounted in Assets Head insted of Advance Head.
7.Grants were booked in wrong Head of account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്